# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3422 — 25-06-2012-ൽ മറുപടിയ്ക്ക്

## റോഡ് നിയമങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ. ശിവദാസൻ നായർ :** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** |
| റോഡ് നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ; വിശദാംശം നൽകാമോ ? | വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും റോഡ് സൗകര്യങ്ങളും, ട്രാഫിക് പോലീസുകാരുടെ എണ്ണവും അതിനനുസരിച്ച് വർദ്ധിച്ചിട്ടില്ല. വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നതിനുമായി വളരെ തീവ്രമായ വാഹന പരിശോധനകളും മറ്റു നടപടികളും പോലീസ് വകുപ്പ് കൈക്കൊണ്ടുവരുന്നു. ഹൈവേ ഓരങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് റോഡ് സുരക്ഷാ ക്ലാസ്സുകൾ |

ഹൈവേ പോലീസ് എസ്.ഐമാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. കൂടുതൽ ഫലപ്രദമായ ട്രാഫിക് എൻഫോഴ്സ്മെന്റ് നടപ്പിലാക്കുവാനായി പ്ലാൻ ഫണ്ട്, എം.ഒ.പി.എഫ്, റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് എന്നിവ ഉപയോഗിച്ച് ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ഇന്റർസെപ്റ്ററുകൾ, ആൽക്കോ മീറ്ററുകൾ എന്നിവ വാങ്ങി ജില്ലകൾക്ക് നൽകുകയും അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ